പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4236 20.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി. സി യെ മേഖലകളായി തിരിക്കൽ

ചോദ്യം

ശ്രീ. കെ.വി.വിജയദാസ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | |
|---|---|
| കെ.എസ്.ആർ.ടി.സി യെ മേഖലകളായി തിരിച്ച് ആഭ്യന്തരമത്സരം വർദ്ധിപ്പിച്ച് വരുമാന വർദ്ധനവിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടി പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | പരിഗണനയിലുണ്ട്. കെ.എസ്.ആർ.ടി.സിയുടെ സമഗ്ര പുനഃരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി. സി.യുടെ പ്രശ്നങ്ങൾ പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള പ്രൊഫ.സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിലെ ശിപാർശകളിലെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനായി, 01.04.2017 തീയതിയിൽ മുഖ്യമന്ത്രി തൊഴിലാളി സംഘടനാ പ്രതിനിധികളുമായി കൂടിയ യോഗത്തിൽ, കെ.എസ്.ആർ.ടി.സി.യെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ച് ഓരോ മേഖലയുടെയും ചുമതല എം.ബി.എ ഡിഗ്രി, പത്തുവർഷ പ്രവൃത്തി പരിചയം എന്നീ യോഗ്യതകൾ ഉള്ള ഓരോ എക്സിക്യൂട്ടീവ് ഡയറക്ടറെ ഏൽപ്പിക്കാൻ തീരുമാനിച്ചിരുന്നു.<br><br>കെ.എസ്.ആർ.ടി.സിയെ മൂന്ന് സോണുകളാക്കി വിഭജിക്കുവാനും നിലവിലെ എക്സിക്യൂട്ടീവ് ഡയറക്ടർമാരെ സോണുകളിൽ വിന്യസിക്കാനും കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**